REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 06-01-2026 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **ആന്ധ്രാപ്രദേശിലെ വൈശാഖ് റിഫൈനറിയിൽ അവശിഷ്ട പദാർത്ഥങ്ങളിൽ നിന്ന് ഉപോത്പന്നങ്ങൾ നിർമ്മിക്കുന്ന പ്ലാന്റ് കമ്മീഷൻ ചെയ്തതിനെ പ്രധാനമന്ത്രി നരേന്ദ്രമോദി അഭിനന്ദിച്ചു**
- **പരീക്ഷാ സമ്മർദ്ദത്തിൽ കുട്ടികളെ സഹായിക്കാൻ CBSE യുടെ സൈക്കോ - സോഷ്യൽ കൗൺസിലിംഗിന് തുടക്കമായി.**
- **മുതിർന്ന കോൺഗ്രസ് നേതാവും മുൻ കേന്ദ്രമന്ത്രിയുമായ സുരേഷ് കൽമാഡി അന്തരിച്ചു.**
- **കേന്ദ്ര സഹമന്ത്രി ഡോ.L.മുരുഗൻ ഇന്ന് കോട്ടയത്ത് വിവിധ പരിപാടികളിൽ പങ്കെടുക്കും.**
- **അർഹരായ മുഴുവൻ പേരെയും വോട്ടർ പട്ടികയിൽ ഉൾപ്പെടുത്താൻ അടിയന്തര നടപടികൾക്ക് സംസ്ഥാന ഗവൺമെന്റ് തീരുമാനം.**
- **മലേഷ്യ ഓപ്പൺ ബാഡ്മിന്റൺ ടൂർണമെന്റിൽ ഇന്ത്യൻ താരം ഒളിമ്പ്യൻ PV സിന്ധു ഇന്ന് മത്സരത്തിനിറങ്ങും.**

## വാർത്തകൾ വിശദമായി

ആന്ധ്രാപ്രദേശിലെ വൈശാഖ് റിഫൈനറിയിൽ അവശിഷ്ട പദാർത്ഥങ്ങളിൽ നിന്ന് ഉപോത്പന്നങ്ങൾ നിർമ്മിക്കുന്ന പ്ലാന്റ് കമ്മീഷൻ ചെയ്തതിനെ പ്രധാനമന്ത്രി നരേന്ദ്രമോദി അഭിനന്ദിച്ചു. ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷനാണ് കേന്ദ്രം സ്ഥാപിച്ചത്. ആത്മനിർഭർ ഭാരത് കാഴ്ചപ്പാടിനോട്

ചേർന്ന് നിൽക്കുന്ന തദ്ദേശീയ സാങ്കേതിക വിദ്യ, രാജ്യത്തിന്റെ ഊർജ്ജ സ്വാതന്ത്ര്യം ഉറപ്പാക്കാൻ സഹായിക്കുമെന്ന് പ്രധാനമന്ത്രി സാമൂഹ്യമാധ്യമത്തിൽ കുറിച്ചു.

✪✪✪

കുട്ടികളിലെ പോഷകാഹാര കുറവ് നേരിടാനാവശ്യമായ സുസ്ഥിര തന്ത്രങ്ങൾക്ക് രൂപംനൽകുന്ന CSR കോൺക്ലേവ് കേന്ദ്രമന്ത്രി അമിത്ഷാ ഇന്ന് ന്യൂഡൽഹിയിലെ വിജ്ഞാൻഭവനിൽ ഉദ്ഘാടനം ചെയ്യും. 'പോഷക സുരക്ഷ ഉറപ്പാക്കുന്നതിലും, പോഷകാഹാര കുറവ് നിർമ്മാർജ്ജനത്തിലും കോർപറേറ്റ് സ്ഥാപനങ്ങളുടെ സാമൂഹ്യ പ്രതിബദ്ധത' എന്നതാണ് കോൺക്ലേവിന്റെ പ്രമേയം. ഭിലായ് ഉരുക്കുനിർമ്മാണ ശാലയുടെ ഗിഫ്റ്റ് മിൽക്ക് പരിപാടിയുടെ മൂന്നാം ഘട്ടത്തിനും, ചടങ്ങിൽ അമിത്ഷാ തുടക്കമിടും. IDBI ബാങ്കിന്റെ ശിശുസഞ്ജീവനി പദ്ധതിയും അമിത്ഷാ ഉദ്ഘാടനം ചെയ്യും.

✪✪✪

കുട്ടികളിലെ പോഷകാഹാര കുറവ് നേരിടാനാവശ്യമായ സുസ്ഥിര തന്ത്രങ്ങൾക്ക് രൂപംനൽകുന്ന CSR കോൺക്ലേവ് കേന്ദ്രമന്ത്രി അമിത്ഷാ ഇന്ന് ന്യൂഡൽഹിയിലെ വിജ്ഞാൻഭവനിൽ ഉദ്ഘാടനം ചെയ്യും. 'പോഷക സുരക്ഷ ഉറപ്പാക്കുന്നതിലും, പോഷകാഹാര കുറവ് നിർമ്മാർജ്ജനത്തിലും കോർപറേറ്റ് സ്ഥാപനങ്ങളുടെ സാമൂഹ്യ പ്രതിബദ്ധത' എന്നതാണ് കോൺക്ലേവിന്റെ പ്രമേയം. ഭിലായ് ഉരുക്കുനിർമ്മാണ ശാലയുടെ ഗിഫ്റ്റ് മിൽക്ക് പരിപാടിയുടെ മൂന്നാം ഘട്ടത്തിനും, ചടങ്ങിൽ അമിത്ഷാ തുടക്കമിടും. IDBI ബാങ്കിന്റെ ശിശുസഞ്ജീവനി പദ്ധതിയും അമിത്ഷാ ഉദ്ഘാടനം ചെയ്യും.

✪✪✪

മലയാളമടക്കം ക്ലാസിക്കൽ ഭാഷകളുടെ സെന്റർ ഓഫ് എക്സലൻസുകൾ തയ്യാറാക്കിയ 41 സാഹിത്യകൃതികൾ കേന്ദ്രമന്ത്രി ധർമ്മേന്ദ്രപ്രധാൻ ഇന്ന് ഡൽഹിയിൽ പ്രകാശനം ചെയ്യും. സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യൻ ലാംഗ്വേജസിന്റെ നേതൃത്വത്തിലാണ് പുസ്തകങ്ങൾ സമാഹരിച്ചത്. ഇതോടൊപ്പം ആംഗ്യഭാഷയിൽ തയ്യാറാക്കിയ തിരുക്കുറൽ വ്യാഖ്യാനത്തിന്റെ 45 എപ്പിസോഡും ധർമ്മേന്ദ്രപ്രധാൻ പ്രകാശനം ചെയ്യും.

✪✪✪

പരീക്ഷാ സമ്മർദ്ദത്തിൽ കുട്ടികളെ സഹായിക്കാൻ CBSE യുടെ സൈക്കോ - സോഷ്യൽ കൗൺസിലിംഗിന് തുടക്കമായി. 10,12 ക്ലാസുകളിൽ ഇത്തവണ പരീക്ഷ എഴുതുന്ന വിദ്യാർത്ഥികൾക്കാണ് ജൂൺ ഒന്നുവരെ സൗജന്യ കൗൺസിലിംഗ് നൽകുന്നത്. ഫെബ്രുവരി 17-ന് ആരംഭിക്കുന്ന പരീക്ഷകളെ

ആത്മവിശ്വാസത്തോടെയും സമചിത്തതയോടെയും ഭയരഹിതമായും നേരിടാനാണ് കൗൺസിലിംഗ്. 18001 18004 എന്ന ടോൾഫ്രീ നമ്പറിൽ 24 മണിക്കൂറും കൗൺസിലിംഗ് സേവനം ലഭ്യമാണ്. ഹിന്ദി, ഇംഗ്ലീഷ് ഭാഷകളിലായിരിക്കും കൗൺസിലിംഗ് നൽകുന്നത്.

✪✪✪

പാരീസിൽ ചേംബർ ഓഫ് കൊമേഴ്സ് ആൻഡ് ഇൻഡസ്ട്രി ഫ്രാൻസ്-ഇന്ത്യ സംഘടിപ്പിച്ച ഫ്രഞ്ച്-ഇന്ത്യൻ യംഗ് ടാലന്റ്സ് പരിപാടിയിൽ പങ്കെടുത്തവരുമായി വിദേശകാര്യ മന്ത്രി ഡോ.എസ്.ജയശങ്കർ സംവദിച്ചു. ലോകത്ത് സംഭവിക്കുന്ന പരിവർത്തനങ്ങളെക്കുറിച്ചും ആ സാഹചര്യത്തിൽ ഇന്ത്യ-ഫ്രാൻസ് സഹകരണത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും ചർച്ച ചെയ്തതായി ഡോ.S ജയശങ്കർ സാമൂഹിക മാധ്യമത്തിൽ കുറിച്ചു. അന്താരാഷ്ട്ര ഊർജ്ജ ഏജൻസിയുടെ എക്സിക്യൂട്ടീവ് ഡയറക്ടർ ഫാത്തിഹ് ബിറോളുമായും മന്ത്രി കൂടിക്കാഴ്ച നടത്തി.

✪✪✪

മുതിർന്ന കോൺഗ്രസ് നേതാവും മുൻ കേന്ദ്രമന്ത്രിയുമായ സുരേഷ് കൽമാഡി അന്തരിച്ചു. പുലർച്ചെ പൂനെയിലെ ദീനനാഥ് മങ്കേഷ്കർ ആശുപത്രിയിലായിരുന്നു 82 കാരനായ അദ്ദേഹത്തിന്റെ അന്ത്യം. സംസ്കാരം ഉച്ചകഴിഞ്ഞ് 3.30-ന് വൈകുണ്ഠ് ശ്മശാനത്തിൽ നടത്തും.

P.V.നരസിംഹറാവു മന്ത്രിസഭയിൽ റെയിൽവെ സഹമന്ത്രിയായി പ്രവർത്തിച്ചു. ദീർഘകാലം ഇന്ത്യൻ ഒളിമ്പിക് അസോസിയേഷൻ പ്രസിഡന്റായും അദ്ദേഹം സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

✪✪✪

കേന്ദ്ര സഹമന്ത്രി ഡോ.L.മുരുഗൻ ഇന്ന് കോട്ടയത്ത് വിവിധ പരിപാടികളിൽ പങ്കെടുക്കും. കോട്ടയം I.I.M.C സന്ദർശിക്കുന്ന കേന്ദ്രമന്ത്രി വിദ്യാർത്ഥികളുമായി സംവദിക്കും. വൈകിട്ട് K.P.S. മേനോൻ ഹാളിൽ കേരളകൗമുദി സംഘടിപ്പിക്കുന്ന പരിപാടിയിൽ പങ്കെടുത്ത ശേഷം ഡോ. മുരുഗൻ കോയമ്പത്തൂരിലേക്ക് മടങ്ങും.

✪✪✪

കേരളത്തിലെ നിയമസഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട സാഹചര്യം വിലയിരുത്താൻ കേന്ദ്രതെരഞ്ഞെടുപ്പ് കമ്മീഷൻ അടുത്ത മാസം സംസ്ഥാനം സന്ദർശിക്കുമെന്ന് മാധ്യമറിപ്പോർട്ടുകൾ പറയുന്നു. ഏപ്രിൽ രണ്ടാം വാരത്തോടെ തെരഞ്ഞെടുപ്പ് നടത്താനാണ് സാധ്യതയെന്ന് സൂചനയുണ്ട്.

സംസ്ഥാനത്തെ LDF - UDF - NDA മുന്നണികൾ തെരഞ്ഞെടുപ്പ് നേരിടാൻ തന്ത്രങ്ങൾക്കും പ്രചാരണങ്ങൾക്കും അവസാന രൂപം നൽകി വരികയാണ്.

✪✪✪

വരുന്ന നിയമസഭാ തെരഞ്ഞെടുപ്പിലും മുഖ്യമന്ത്രി പിണറായി വിജയൻ മത്സരിച്ചേക്കുമെന്ന് CPIM നേതാവ് AK ബാലൻ പറഞ്ഞു. ഇക്കാര്യത്തിൽ അദ്ദേഹത്തിന് ഇളവുകൾ നൽകിയേക്കുമെന്ന് സ്വകാര്യ ചാനൽ അഭിമുഖത്തിൽ അദ്ദേഹം സൂചിപ്പിച്ചു. UDF 100 സീറ്റ് നേടുമെന്ന കോൺഗ്രസിന്റെ അവകാശവാദം മലർപ്പൊടിക്കാരന്റെ സ്വപ്നം മാത്രമാണെന്നും ബാലൻ അഭിപ്രായപ്പെട്ടു.

✪✪✪

UDF സീറ്റ് ചർച്ച ഇതുവരെ നടന്നിട്ടില്ലെന്ന് മുൻ KPCC പ്രസിഡന്റ് കെ.മുരളീധരൻ കോഴിക്കോട് പറഞ്ഞു. ഈ മാസം 15ഓടെ ഏകദേശരൂപം ആകും. പാർട്ടി തീരുമാനിച്ച സമര പരിപാടികൾ സജീവമായി നടക്കും. മുന്നണി വിപുലീകരണത്തിൽ ആർക്ക് മുന്നിലും വാതിൽ കൊട്ടിയടക്കില്ല. എന്ന് കരുതി ആരെയും പിന്നാലെ നടന്ന് ക്ഷണിക്കുകയുമില്ലെന്നും മുരളീധരൻ പറഞ്ഞു.

✪✪✪

താൻ മത്സരിക്കണമോ എന്നു തീരുമാനിക്കേണ്ടത് നേതൃത്വമാണെന്ന് മുൻ UDF കൺവീനർ MM ഹസ്സൻ കോഴിക്കോട് പറഞ്ഞു. മുതിർന്നവർ മത്സരിക്കുന്നതിൽ തെറ്റില്ലെന്നും, എംപിമാർ മത്സരിക്കണോ എന്നത് നയപരമായി എടുക്കേണ്ട തീരുമാനമാണെന്നും ഹസൻ അഭിപ്രായപ്പെട്ടു.

✪✪✪

സ്ഥാനാർത്ഥികളുടെ മരണത്തെത്തുടർന്ന് വോട്ടെടുപ്പ് മാറ്റിവച്ച മൂന്ന് തദ്ദേശ വാർഡുകളിൽ ഈ മാസം 12-ന് പ്രത്യേക തിരഞ്ഞെടുപ്പ് നടത്തും. മലപ്പുറം പായിംപാടം, എറണാകുളം  ഓണക്കൂർ, തിരുവനന്തപുരം വിഴിഞ്ഞം എന്നീ വാർഡുകളിലാണ് പ്രത്യേക തിരഞ്ഞെടുപ്പ്.

ജനുവരി 13-നാണ് വോട്ടെണ്ണൽ.

✪✪✪

അർഹരായ മുഴുവൻ പേരെയും വോട്ടർ പട്ടികയിൽ ഉൾപ്പെടുത്താൻ അടിയന്തര നടപടികൾക്ക് സംസ്ഥാന ഗവൺമെന്റ് തീരുമാനമെടുത്തു. മതിയായ രേഖകൾ കൈവശമില്ലാത്തവർക്ക് യുദ്ധകാലാടിസ്ഥാനത്തിൽ രേഖകൾ ലഭ്യമാക്കാൻ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകി. രേഖകൾക്ക് ഫീസ് ഈടാക്കില്ല.

✪✪✪

ഒമ്പതാമത് സിദ്ധ ദിനാചരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം മന്ത്രി വീണാ ജോർജ് തിരുവനന്തപുരത്ത് നിർവഹിച്ചു. സംസ്ഥാന ആയുഷ് വകുപ്പ്, ഭാരതീയ ചികിത്സാ വകുപ്പ്, നാഷണൽ ആയുഷ് മിഷൻ കേരള എന്നിവയുടെ സംയുക്താഭിമുഖ്യത്തിലാണ് ദിനാചരണം.

'ലോകാരോഗ്യത്തിന് സിദ്ധ വൈദ്യശാസ്ത്രം' എന്ന പ്രമേയത്തിലാണ് ഈ വർഷത്തെ ദിനാചരണം. ദിനാചരണത്തോടനുബന്ധിച്ച് പൊതുജനങ്ങൾക്കായി സൗജന്യ മെഡിക്കൽ ക്യാമ്പും സംഘടിപ്പിച്ചിട്ടുണ്ട്.

✪✪✪

നാലാമത് കേരള നിയമസഭ അന്താരാഷ്ട്ര പുസ്തകോത്സവത്തിന്റെ ഫെസ്റ്റിവൽ ഓഫീസ് മന്ത്രി V.ശിവൻകുട്ടി ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ പുസ്തകോത്സവം ഡയറക്ടറിയും, ഫെസ്റ്റിവൽ സോംഗും പ്രകാശനം ചെയ്തു. വൈകിട്ട് നിയമസഭാ സമുച്ചയത്തിലെ വൈദ്യുതാലങ്കാരം സ്പീക്കർ A.N.ഷംസീർ സ്വിച്ച് ഓൺ ചെയ്യും. നാളെ മുതൽ 13 വരെ നിയമസഭാ സമുച്ചയത്തിലാണ് പുസ്തകോത്സവം.

✪✪✪

ദേശീയ വിരവിമുക്ത ദിനത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം ഉച്ചയ്ക്ക് തിരുവനന്തപുരത്ത് മന്ത്രി വീണജോർജ് നിർവഹിക്കും. കരമന നെടുങ്കാട് UP സ്കൂളിലെ പരിപാടിയിൽ മന്ത്രി V.ശിവൻകുട്ടി അധ്യക്ഷനാകും. മേയർ VV രാജേഷാണ് മുഖ്യാതിഥി.

✪✪✪

സ്വർണവിലയിൽ വീണ്ടും വർദ്ധന. പവന് 440 രൂപ വർദ്ധിച്ച് ഒരു ലക്ഷത്തി 1,800 രൂപയായി. 12,725 രൂപയാണ് ഗ്രാമിന് ഇന്നത്തെ വില.

✪✪✪

മലേഷ്യ ഓപ്പൺ ബാഡ്മിന്റൺ ടൂർണമെന്റിൽ ഇന്ത്യൻ താരം ഒളിമ്പ്യൻ PV സിന്ധു ഇന്ന് മത്സരത്തിനിറങ്ങും. മാളവിക ബെൻസോദ്, ഉന്നതിഹൂഡ എന്നിവരും ടൂർണമെന്റിൽ പങ്കെടുക്കുന്നുണ്ട്.

പുരുഷ വിഭാഗത്തിൽ ലക്ഷ്യാസെൻ, ആയുഷ് ഷെട്ടി എന്നിവർ സിംഗിൾസിലും, ചിരാഗ്ഷെട്ടി-സാത്വിക് സായ് രാജ് രെങ്കിറെഡി ഡബിൾസിലും മത്സരിക്കും. വനിതാ ഡബിൾസിൽ ട്രീസ ജോളി - ഗായത്രി ഗോപിചന്ദ് സഖ്യവും മത്സരിക്കും.

✪✪✪

16-ാത് N.N.കക്കാട് സാഹിത്യ പുരസ്കാര സമർപ്പണവും അനുസ്മരണ സമ്മേളനവും വൈകിട്ട് കോഴിക്കോട് K.P.കേശവമേനോൻ ഹാളിൽ നടത്തും. ആർക്കിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ മുൻ റീജിയണൽ ഡയറക്ടർ K.K.മുഹമ്മദ് ഉദ്ഘാടനം ചെയ്യും. പുരസ്കാര ജേതാക്കളായ S.ശ്രീയ-യ്ക്കും, C.S.ഹരികൃഷ്ണനും ശിഹാബുദീൻ പൊയ്ത്തുംകടവ് പുരസ്കാരം സമർപ്പിക്കും

✪✪✪

മകരവിളക്കിന് ഒരാഴ്ചമാത്രം ശേഷിക്കേ ശബരിമലയിൽ ഭക്തജന തിരക്ക് തുടരുന്നു. ഇന്നലെ നട അടച്ചതു മുതൽ ഇന്ന് രാവിലെ 11വരെ 50,740 തീർഥാടകർ ദർശനം നടത്തി. 4,749 പേർക്ക് സ്പോട്ട് ബുക്കിംഗ് വഴിയാണ് ദർശനം ലഭിച്ചത്. തിരക്ക് നിയന്ത്രിക്കാൻ നിലയ്ക്കൽ മുതൽ ഘട്ടങ്ങളായാണ് ഭക്തരെ കയറ്റിവിടുന്നത്.

✪✪✪

പാലക്കാട് ജില്ലയിലെ മലമ്പുഴ ജലസേചന കനാലുകൾ നവീകരിക്കാൻ 200 കോടി രൂപയുടെ പദ്ധതിക്ക് അനുമതിയായി. ലോകബാങ്കിന്റെ സഹായത്തോടെ നടപ്പാക്കുന്ന കേരപദ്ധതിയിൽ ഉൾപ്പെടുത്തിയായിരിക്കും നവീകരണം.

പാലക്കാട്ട് നിന്ന് ഫൈസൽ അലി മുത്ത്........

......വോയ്സ്......

ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ച പദ്ധതിയുടെ ടെണ്ടർ നടപടികൾ കൂടി പൂർത്തിയായാൽ പ്രവർത്തി ആരംഭിക്കും. കൃഷിവകുപ്പിന്റെ നേതൃത്വത്തിൽലുള്ള പദ്ധതിയുടെ നടത്തിപ്പ് ചുമതല ജലസേചന വിഭാഗത്തിനാണ് . നഗരത്തോട് ചേർന്നുള്ള സഞ്ചാരികളുടെ ഇഷ്ട സ്ഥലങ്ങളായ രണ്ട് ബ്രിട്ടീഷ് പാലങ്ങളുടെ ബലപ്പെടുത്താലും നവീകരണത്തിന്റെ ഭാഗമായി നടത്തും. മലമ്പുഴ ഡാമിൽ നിന്നുള്ള ഇടത് വലതു കര കനലുകൾ വഴി 22000 ഹെക്ടർ നെൽക്കൃഷിക്കാണ് ജലസേചനം സദ്യമാക്കുന്നത്. ആദ്യഘട്ടത്തിൽ 15 വലിയ ബ്രാഞ്ച് കനാലുകളും 47 ഫീൽഡ് കനാലുകളും ഉള്ള ഇടതുകര കനാലാണ് നവീകരിക്കുക.

✪✪✪

പാലക്കാട് അധ്യാപകൻ വിദ്യാർഥിയെ മദ്യം നൽകി പീഡിപ്പിച്ച സംഭവം പൊലീസിനെ അറിയിക്കുന്നതിൽ സ്കൂളിന് വീഴ്ച പറ്റിയെന്ന് AEO റിപ്പോർട്ട് നൽകി. അധ്യാപകനെ സസ്പെൻഡ് ചെയ്യുകയോ നടപടി സ്വീകരിക്കുകയോ ചെയ്തില്ല. വിവരമറിഞ്ഞ് രണ്ടാഴ്ചയ്ക്കു ശേഷമാണ് വിഷയത്തിൽ പരാതി നൽകിയതെന്ന് AEO ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നൽകിയ റിപ്പോർട്ടിൽ പറയുന്നു.

✪✪✪

കണ്ണൂർ പൈതൃകോത്സവം വൈകിട്ട് സമാപിക്കും. മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി സമാപന പ്രസംഗം നടത്തും. മട്ടന്നൂർ ശങ്കരൻകുട്ടിമാരാരും പ്രകാശ് ഉള്ളിയേരിയും ചേർന്ന് അവതരിപ്പിക്കുന്ന 'ദ്വയ-രാഗ-താള-വിസ്മയ'ത്തോടെ പൈതൃകോത്സവത്തിന് തിരശ്ശീല വീഴും.

✪✪✪

തൃശൂർ അതിരപ്പിള്ളിയിൽ കാട്ടാനകൂട്ടത്തിന്റെ ആക്രമണം. വെറ്റിലപ്പാറയിലെ ശിവക്ഷേത്രം ഭാഗികമായി തകർത്തു. തൊട്ടടുത്ത് തൊഴിലാളിയുടെ വീടും ആനകൾ തകർത്തു. ഇന്നലെ രാത്രിയിലാണ് കാട്ടാനക്കൂട്ടമെത്തിയത്.

✪✪✪

*News Editor പി ചന്ദ്രബാബു*
*News Reader: : ശരണ്യ രാജൻ*
*NRTs: അനിൽ ചന്ദ്രൻ, ഫസ്ന ഫാത്തിമ*
*DEO : സി കെ സുബോധ്*

आकाशवाणी